"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കൂൾ ഉച്ചഭക്ഷണ പദ്ധതി -സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്ത് വരുന്ന പാചകത്തൊഴിലാളികൾക്ക് 2023 ജനുവരി മാസത്തിലെ വേതനത്തിന്റെ സംസ്ഥാന അധിക വിഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത്കൊണ്ടും ആയത് റിലീസ് ചെയ്ത്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.1232/2024/GEDN  തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-

1) 19.06.2023 തീയതിയിലെ സ.ഉ.(സാധാ) നം.3636/2023/പൊ.വി.വ നമ്പർ ഉത്തരവ്
2) 19.06.2023 തീയതിയിലെ സ.ഉ.(സാധാ) നം.3650/2023/പൊ.വി.വ നമ്പർ ഉത്തരവ്
3) 27.07.2023 തീയതിയിലെ സ.ഉ.(സാധാ) നം.4327/2023/പൊ.വി.വ നമ്പർ ഉത്തരവ്
4) 25.10.2023 തീയതിയിലെ സ.ഉ.(സാധാ) നം.6520/2023/പൊ.വി.വ നമ്പർ ഉത്തരവ്
5) 29..01.2024 തീയതിയിലെ സ.ഉ.(സാധാ) നം.778/2024/പൊ.വി.വ നമ്പർ ഉത്തരവ്
6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.എ(3)/7802/2023/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം 569.64 കോടി രൂപയുള്ള ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി ഉത്തരവ് പ്രകാരം 2202-01-112-90-01-Plan(Central Share) എന്ന കണക്ക് ശീർഷകത്തിൽ 225 കോടി രൂപയുടെയും , 2202-01-112-90-02-Plan(State Share) എന്ന കണക്ക് ശീർഷകത്തിൽ 150 കോടി രൂപയുടെയും , 2202-01-112-89 -Plan(Mid Day Meal Scheme State Additional Assistance) എന്ന കണക്ക് ശീർഷകത്തിൽ 194.64 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.നാളിതുവരെയായി 2202-01-112-89 -Plan(Mid Day Meal Scheme State Additional Assistance) എന്ന കണക്ക് ശീർഷകത്തിൽ നിന്നും 152.792515 കോടി രൂപ പരാമർശം (2) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച് നൽകുകയുണ്ടായി.

2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കീഴിൽ പ്രവർത്തിച്ചു വരുന്ന പാചകത്തൊഴിലാളികളുടെ 2024 ജനുവരി മാസത്തെ ഓണറേറിയം നൽകുന്നതിനായി 16,31,47,881/- രൂപ ആവശ്യമായി വരുമെന്നും ആയതിനാൽ ടി.തുക "2202-01-112-89-സംസ്ഥാന അധിക വിഹിതം" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കീഴിൽ പ്രവർത്തിച്ചു വരുന്ന പാചകത്തൊഴിലാളികളുടെ 2024 ജനുവരി മാസത്തെ 21 പ്രവൃത്തി ദിനങ്ങളിലെ ഓണറേറിയം നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന മാൻഡാറ്ററി വിഹിതം കിഴിച്ചിട്ടുള്ള 16,31,47,881/- രൂപ (പതിനാറ് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി നാല്പത്തിയേഴായിരത്തി എണ്ണൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) "2202-01-112-89- സ്കൂൾ ഉച്ചഭക്ഷണ പദ്ധതി-സംസ്ഥാന അധിക സഹായം (P.V)" എന്ന ശീർഷത്തിൽ നിന്നും പദ്ധതി നടത്തിപ്പിനായുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് (SNA-110010886976, Canara Bank, Vazhuthacaud Branch, Thiruvananathapuram Circle IFSC:-CNRB0002607) ട്രാൻസ്ഫർ ചെയ്തുകൊണ്ടും പ്രസ്തുത തുക റിലീസ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരളം ,തിരുവനന്തപുരം .

അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം .

ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (U.O(R) EDN-A2/173/2023-FIN dated.14.02.2024)

വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 14.02.2024 16:50:22
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.